**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1795** **19-01-2021 - ൽ മറുപടിയ്ക്ക്**

**വഖഫ് സ്വത്തുക്കൾ സംബന്ധിച്ചുള്ള സർവ്വേ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. അബ്ദുറഹിമാൻ | | **Dr.K.T.Jaleel**<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | വഖഫ് സ്വത്തുക്കൾ സംബന്ധിച്ചുള്ള സർവ്വേ നടപടികളുടെ പുരോഗതി അറിയിക്കുമോ; | (എ) | 1995 ലെ വഖഫ് ആക്ട് സെക്ഷൻ 4(1) പ്രകാരം സർവ്വെ നടപടികൾക്കായി സർവ്വെ കമ്മീഷണറെയും,അഡീഷണൽ സർവ്വെ കമ്മീഷണർമാരെയും അസിസ്റ്റന്റ് സർവ്വെ കമ്മീഷണർമാരെയും നിയമിച്ചിട്ടുള്ളതാണ്. അഡീഷണൽ സർവ്വെ കമ്മീഷണർമാരായ ജില്ലാ കളക്ടർമാരുടെയും അസിസ്റ്റന്റ് സർവ്വെ കമ്മീഷണർമാരായ സർവ്വെ സൂപ്രണ്ടുമാരുടെയും നേതൃത്വത്തിൽ കേരളത്തിലെ എല്ലാ ജില്ലകളിലും വഖഫ് സ്വത്തുക്കളുടെ സർവ്വെ നടപടികൾ നടന്നു വരുകയാണ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ സർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി ജില്ലകളിൽ സർവ്വെ നടന്നു വരുന്നു. |
| (ബി) | വഖഫ് ഭൂമി അന്യായമായി കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ അവ തിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | അന്യാധീനപ്പെട്ട വസ്തുക്കളെ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് വഖഫ് ആക്ട് സെക്ഷൻ 52 പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. 52-ാം വകുപ്പ് പ്രകാരം ഇത്തരം അന്യാധീനപ്പെട്ട വസ്തുക്കൾ ജില്ലാ കളക്ടർ മുഖേനയാണ് തിരിച്ചുപിടിക്കുന്നത്. |

സെക്ഷൻ ഓഫീസർ